4. ആധുനിക ജൈവ സാങ്കേതിക വിദ്യകളുടെ സഹായത്താൽ സംസ്ഥാനത്തെ ജൈവവൈവിദ്ധ്യത്തെ സംരക്ഷിക്കുവാനും സംസ്ഥാനത്തെ ഔഷധസസ്യ വ്യവസായത്തിന് അന്താരാഷ്ട്ര വിപണിയിൽ വിപണന സാദ്ധ്യത വർദ്ധിപ്പിക്കുവാനും കഴിയും.

5. സംസ്ഥാനത്തുനിന്നും പരമ്പരാഗതമായി കയറ്റുമതി ചെയ്യുന്ന കാർഷികോല്പന്നങ്ങളായ കുരുമുളക്, കശുവണ്ടി, ഏലം, തേയില, കാപ്പി എന്നിവ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കിമാറ്റി, കയറ്റുമതി വർദ്ധിപ്പിക്കുന്നതിനുള്ള സാദ്ധ്യത തെളിഞ്ഞിട്ടുണ്ട്.

(സി) കാർഷിക മേഖലയുമായി ബന്ധപ്പെട്ട ഉല്പാദന വർദ്ധനവ്, ഗുണമേന്മ സസ്യശുചിത്വം പേറ്റന്റ് സംബന്ധിച്ച വസ്തുതകൾ, വാണിജ്യം ട്രിപ്സ് എന്നിവ സംബന്ധിച്ച വിവരങ്ങൾ കാർഷിക മേഖലയുമായി ബന്ധപ്പെട്ട എല്ലാവരിലും യഥാസമയം എത്തിക്കുക എന്ന ഉദ്ദേശ്യത്തോടെ ആധുനിക വിവരസാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി കാർഷിക സർവ്വകലാശാല കേന്ദ്രമാക്കി, എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങൾ സൃഷ്ടിച്ചും ഒരു കല്പിത സർവ്വകലാശാല (വെർച്വൽ യൂണിവേഴ്സിറ്റി) സൃഷ്ടിക്കാനുള്ള നടപടി നടന്നുവരുന്നു. ഇതിന് ഒരു പ്രോജക്ട് തയ്യാറാക്കി ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്തുവരുന്നു. ഇതിനായി ഈ വർഷത്തെ ബഡ്ജറ്റിൽ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കൂടാതെ വിശദവിവരങ്ങൾ ഉൾക്കൊള്ളുന്ന ഡോ. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് എല്ലാവർക്കും റെഫർ ചെയ്യാൻ സാധിക്കുന്നതിനായി സർക്കാരിന്റെയും കൃഷിവകുപ്പിന്റെയും വെബ്സൈറ്റിൽ ചേർത്തിട്ടുണ്ട്.

ഡബ്ല്യൂ.ടി.ഒ. സെൽ

11 (2962) ശ്രീമതി രാധാരാഘവൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡബ്ല്യൂ.ടി.ഒ. സംബന്ധിച്ച കാര്യങ്ങളിൽ എടുക്കേണ്ട നിലപാട് ചർച്ച ചെയ്യുന്നതിന് 2003 മേയിൽ ഒരു ഉന്നതതലയോഗം കൂടിയിരുന്നുവോ ;

(ബി) ആ യോഗത്തിൽ ആരെല്ലാം പങ്കെടുത്തു ;

(സി) സംസ്ഥാനത്ത് ഒരു ഡബ്ല്യൂ.ടി.ഒ. സെൽ സ്ഥാപിക്കുവാൻ കേന്ദ്രഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഡബ്ല്യൂ.ടി.ഒ. റൂളുകളേയും, റഗുലേഷൻസിനേയുംപ്പറ്റി കർഷകർ, ഉൽപ്പാദകർ, വ്യവസായികൾ, കയറ്റുമതിക്കാർ എന്നിവർക്ക് അറിവു നൽകുവാൻ ഉദ്ദേശമുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഉണ്ടെങ്കിൽ അതിനുവേണ്ടി എന്തെല്ലാം നടപടികളെടുത്തുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2003 മേയിൽ ഉന്നതതലയോഗം കൂടിയിരുന്നില്ല. എന്നാൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എമ്പവേർഡ് കമ്മിറ്റി 25-3-2003-ൽ ഡോ. സ്വാമിനാഥൻ കമ്മീഷന്റെ ശുപാർശകളിൻമേൽ പ്രാഥമിക പരിശോധന നടത്തുന്നതിനായി യോഗം ചേർന്നിരുന്നു.

(ബി) എംപവേർഡ് കമ്മിറ്റിയുടെ മേല്പറഞ്ഞ യോഗത്തിൽ ചീഫ് സെക്രട്ടറിയെ കൂടാതെ താഴെപ്പറയുന്നവർ പങ്കെടുക്കുകയുണ്ടായി.

1. അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ
2. കൃഷി ഡയറക്ടർ
3. ചീഫ് (കൃഷി) സംസ്ഥാന പ്ലാനിംഗ് ബോർഡ്
4. സെക്രട്ടറി (മൃഗസംരക്ഷണ വകുപ്പ്)
5. സെക്രട്ടറി (വ്യവസായ വകുപ്പ്)
6. പ്രിൻസിപ്പൽ സെക്രട്ടറി (ഗ്രാമവികസന വകുപ്പ്)
7. സെക്രട്ടറി (ഇൻഫർമേഷൻ ആന്റ് പി.ആർ.ഡി.)
8. സെക്രട്ടറി (ടൂറിസം)
9. പ്രിൻസിപ്പൽ സെക്രട്ടറി (ഫിഷറീസ്)

(സി) കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്ത് ഒരു ഡബ്ല്യൂ.ടി.ഒ. സെൽ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നതായി അറിയിച്ചിട്ടില്ല.

(ഡി) ഉണ്ട്.

(ഇ) ഡബ്ല്യൂ.ടി.ഒ. കരാറുമായി ബന്ധപ്പെട്ട് കാർഷികമേഖലയിൽ ഉല്പാദനവർദ്ധനവ്, ഗുണമേന്മ സൃഷ്ടിക്കൽ, സസ്യശുചിത്വം, പേറ്റന്റ് സംബന്ധിച്ച നിയമങ്ങളും വസ്തുതകളും ട്രിപ്സ് സംബന്ധിച്ച നിബന്ധനകൾ, വാണിജ്യത്തെ നിയന്ത്രിക്കുന്ന നിബന്ധനകളും ഘടകങ്ങളും എന്നിവ സംബന്ധിക്കുന്ന വിവരങ്ങൾ കാർഷികമേഖലയുമായി ബന്ധപ്പെട്ടവരിൽ യഥാസമയം എത്തിക്കുക എന്ന ഉദ്ദേശ്യത്തോടെ വിവരസാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി കാർഷിക സർവ്വകലാശാല കേന്ദ്രമാക്കി, എല്ലാ ജില്ലകളിലും ഒരു ഉപകേന്ദ്രം സൃഷ്ടിച്ചും ഒരു വെർച്വൽ യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. അതിന്റെ പ്രോജക്ട് പ്രൊപ്പോസൽ ലഭിച്ചുകഴിഞ്ഞു. അതു സർക്കാർ പരിശോധിച്ചുവരുന്നു. ഇതിനായി നടപ്പു സാമ്പത്തികവർഷം ബഡ്ജറ്റിൽ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly